നമ്പർ. പി.റ്റി(1) 7050/2007.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 16-03-2007.

സർക്കുലർ നം. 22/2007

വിഷയം:- സഹകരണ വകുപ്പ്-സംസ്ഥാന സഹകരണ യൂണിയൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) യുടെ കെട്ടിട നിർമ്മാണം-ഫണ്ട് സ്വരൂപിക്കുന്നത്-സംഭാവന സ്വീകരിക്കുന്നതിന് അനുവാദം നൽകുന്നത്-സംബന്ധിച്ച്.

സൂചന :- 1. സംസ്ഥാന സഹകരണ യൂണിയന്റെ 25-01-2007-ൽ ചേർന്ന മാനേജിംഗ് കമ്മറ്റിയുടെ 3(ഡി) (ബി) നമ്പർ തീരുമാനം.
2. സംസ്ഥാന സഹകരണ യൂണിയൻ സെക്രട്ടറിയുടെ 05-02-2007 ലെ റ്റി.ആർ. 1135/07 നമ്പർ കത്ത്.

---

സംസ്ഥാന സഹകരണ യൂണിയന് തിരുവനന്തപുരത്ത് നെയ്യാർഡാമിനടുത്ത് നെട്ടുകാൽത്തേരിയിലുള്ള 12 ഏക്കർ സ്ഥലത്ത് സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക സ്വരൂപിക്കുന്നതിന് സംസ്ഥാനത്തിലെ സഹകരണ സംഘങ്ങളുടെ ജനറൽ ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് അനുവാദം നൽകണമെന്ന് സൂചന(1) പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മറ്റി തീരുമാനമെടുക്കുകയും സൂചന(2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

"കിക്മ" യിൽ എം.ബി.എ, എം.സി.എ, ബി.ബി.എ, ബി.സി.എ തുടങ്ങിയ കോഴ്സുകളും സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും സ്ഥിരം പരിശീലന പരിപാടികളും നടത്താനാണ് സംസ്ഥാന സഹകരണ യൂണിയൻ ഉദ്ദേശിച്ചിട്ടുള്ളത്. സഹകരണ നിയമത്തിലും, ചട്ടങ്ങൾക്കും അനുസൃതമായി സഹകരണ മേഖലയിൽ ആദ്യമായി ആരംഭിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പ്രത്യേക പരിഗണന നൽകി, കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക സ്വരൂപിക്കുന്നതിനാണ് സംസ്ഥാന സഹകരണ യൂണിയൻ ഉദ്ദേശിക്കുന്നത്.

മേൽ സാഹചര്യത്തിൽ, സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന "കിക്മ" എന്ന സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ / ബാങ്കുകൾ എന്നിവയുടെ ജനറൽ ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)
വി.രഘുനാഥ്
സഹകരണസംഘം രജിസ്ട്രാർ(ഇൻ-ചാർജ്)

സംസ്ഥാനത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)

പകർപ്പ്:

1. ചെയർമാൻ / സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
2. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, മറ്റ് എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും
5. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ / ആഡിറ്റ്)
6. പ്രസിഡന്റ്/ ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
7. എഡിറ്റർ, സഹകരണ വീഥി
8. എഡിറ്റർ, സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
10. സ്റ്റോക്ക് ഫയൽ
11. സ്പെയർ

// ആജ്ഞാനുസരണം //

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി